സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമ്മത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മാർച്ച് 4 ശനി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ


## ഗോഹത്യ നിരോധിക്കാൻ കേന്ദ്രം നടപടി സ്വീകരിക്കണം: അലഹബാദ് ഹൈക്കോടതി

അലഹബാദ്: ഇന്ത്യയിൽ പശുക്കളെ സംരക്ഷിത ദേശീയ മൃഗമാക്കണമെന്ന് അലഹബാദ് ഹൈക്കോടതി. ഗോഹത്യ നിരോധിക്കാൻ ആവശ്യമായ നടപടികൾ കേന്ദ്രം സ്വീകരിക്കുമെന്ന് കരുതുന്നതായി ജസ്റ്റിസ് ഷമിം അഹമ്മദിന്റെ ബെഞ്ച് ആവശ്യപ്പെട്ടു. മതേതര രാജ്യമായ ഇന്ത്യയിൽ എല്ലാ മതങ്ങളേയും ബഹുമാനിക്കണം. ഹിന്ദുമതത്തിൽ പശു ദൈവികതയേയും ദാനശീലത്തേയും സൂചിപ്പിക്കുന്നുവെന്നും അതിനാൽ പശുക്കൾ സംരക്ഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യണം.

ഹിന്ദുമത വിശ്വാസപ്രകാരം ബ്രഹ്മാവ് മതപുരോഹിതരേയും പശുക്കളേയും ഒരേ സമയത്താണ് സൃഷ്ടിച്ചത്. പുരോഹിതർ പൂജ ചെയ്യുന്ന അതേസമയത്തുതന്നെ പശുക്കൾ പൂജയ്ക്കാവശ്യമായ നെയ്യ് നൽകിയിരുന്നുവെന്നും അതിനുവേണ്ടിയാണ് ഒരേ സമയത്തുതന്നെ പശുക്കളേയും പുരോഹിതരേയും സൃഷ്ടിച്ചതെന്നും വിധിന്യായത്തിൽ അലഹബാദ് ഹൈക്കോടതി വ്യക്തമാക്കുന്നു. പശുവിനെ ആദരിക്കുന്ന രീതിക്ക് വേദകാലത്തോളം പഴക്കമുണ്ട്. ഹിന്ദു ദൈവങ്ങളായ ശിവനും ഇന്ദ്രനും കൃഷ്ണനും മറ്റു ദേവതകളുമായും പശു ബന്ധപ്പെട്ടിരിക്കുന്നു.



ഹിന്ദുമതത്തിൽ മൃഗങ്ങളിൽ വെച്ച് ഏറ്റവും വിശുദ്ധി പശുക്കൾക്കാണ്. പശുവിനെ കൊല്ലുകയോ അതിനനുവദിക്കുകയോ ചെയ്യുന്നവർ തങ്ങളുടെ ശരീരത്തിൽ രോമങ്ങൾ ഉള്ളിടത്തോളം കാലം നരകത്തിൽ ചീഞ്ഞഴുകുമെന്നാണ് കരുതപ്പെടുന്നത്. പശുവിന്റെ കാലുകൾ നാല് വേദങ്ങളാണെന്നും പാലിന്റെ ഉറവിടം നാല് പുരുഷാർഥങ്ങളാണെന്നും കൊമ്പുകൾ ദൈവങ്ങളെ സൂചിപ്പിക്കുന്നുവെന്നും മുഖം ചന്ദ്രനേയും സൂര്യനേയും ചുമലുകൾ അഗ്നിയേയും പ്രതീകമാക്കുന്നുവെന്ന് ജസ്റ്റിസ് ഷമിം അഹമ്മദ് പുറപ്പെടുവിച്ച വിധിയിൽ നിരീക്ഷിക്കുന്നു.



## മേഘാലയ: മന്ത്രിസഭ രൂപീകരിക്കാൻ അവകാശവാദം ഉന്നയിച്ച് മുകുൾ സാംഗ്മയും

ഷില്ലോംഗ്: മേഘാലയയിൽ മന്ത്രിസഭ രൂപീകരിക്കാൻ അവകാശവാദം ഉന്നയിച്ച് തൃണമൂലിന്റെ മുകുൾ സാംഗ്മയും രംഗത്തെത്തി. കൊൺറാഡ് സാംഗ്മയ്ക്ക് പിന്തുണ നൽകിയ രണ്ട് എം.എൽ.എമാർ പിന്തുണ പിൻവലിച്ചു. ഇന്നലെ അർധരാത്രിയിലാണ് രാഷ്ട്രീയ നാടകം അരങ്ങേറിയത്. എച്ച്.എസ്.പി.ഡി.പിയുടെ അധ്യക്ഷൻ രണ്ട് എം.എൽ.എമാരുടെ പിന്തുണ പിൻവലിക്കുകയായിരുന്നു. ഇതിന് പിന്നാലെയാണ് തൃണമൂൽ കോൺഗ്രസ് നേതാവ് മുകുൾ സാംഗ്മ മന്ത്രിസഭ രൂപീകരിക്കാൻ ഭൂരിപക്ഷമുണ്ടെന്ന അവകാശവാദം ഉന്നയിച്ച് രംഗത്തെത്തിയത്. 26 സീറ്റ് നേടിയ എൻ.പി.പിയാണ് മേഘാലയയിലെ ഏറ്റവും വലിയ ഒറ്റകക്ഷി. സർക്കാർ രൂപീകരണത്തിന് അവകാശം തേടി കൊൺറാഡ് സാംഗ്മ കഴിഞ്ഞ ദിവസം ഗവർണർ ഫാദു ചൌഹാനെ കണ്ടിരുന്നു. ബി.ജെ.പിയുടയേും ചില നിയമസഭാംഗങ്ങളുടയേും ഹിൽ സ്റ്റേറ്റ് പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി (എച്ച്.എസ്.പി.ഡി.പി) യുടേയും രണ്ട് എം.എൽ.എമാരും ഉൾപ്പെടെ 32 പേരുടെ പിന്തുണ അവകാശപ്പെട്ടാണ് കൊൺറാഡ് സാംഗ്മ ഗവർണർക്ക് കത്ത് നൽകിയത്.



ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് മേഖലയിൽ പടർന്ന തീയണയ്ക്കാനുള്ള ശ്രമം തുടരുന്ന ഫയർ ഫോഴ്സ് ടീം

## തീ അണയ്ക്കാനുള്ള ശ്രമം വിഫലം; ബ്രഹ്മപുരത്ത് വ്യോമസേനയുടെ സഹായം തേടും: ജില്ലാ കലക്ടർ

കൊച്ചി: ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് മേഖലയിൽ പടർന്ന തീയണയ്ക്കാനുള്ള ശ്രമം വിഫലമായെന്ന് ജില്ലാ കലക്ടർ ഡോ. രേണു രാജ്. അതിനാൽ, പ്ലാസ്റ്റിക് മാലിന്യങ്ങളിലെ അഗ്നിബാധ അണയ്ക്കാൻ വ്യോമസേനയുടെ സഹായം തേടുമെന്ന് ജില്ല കലക്ടർ പറഞ്ഞു. തീ നിയന്ത്രണവിധേയമായില്ലെങ്കിൽ വ്യോമസേനയെ വിളിക്കും. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന ഇതു സംബന്ധിച്ച് വ്യോമസേനയുമായി ചർച്ച നടത്തി. ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾഅടങ്ങുന്ന കൂനയ്ക്കാണ് വ്യാഴാഴ്ച വൈകീട്ട് നാലുമണിയോടെ തീ പിടിച്ചത്. രാത്രിയോടെ ആറ് യൂണിറ്റ് ഫയർഫോഴ്സ് എത്തിയാണ് തീയണക്കാനുള്ള ശ്രമം നടത്തിയത്. കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്കിന് പുറകു വശത്തായി ചതുപ്പ് പാടത്താണ് തീപ്പിടുത്തം ഉണ്ടായത്. അഗ്നിരക്ഷാസേനയുടെ പത്തിലധികം യൂണിറ്റുകൾ തീയണയ്ക്കാൻ ശ്രമം തുടരുകയാണ്. തീയണയ്ക്കാൻ ശ്രമം തുടരുന്നതിനിടെ കൊച്ചി നഗരത്തിൽ വീണ്ടും പുക നിറഞ്ഞു. ബ്രഹ്മപുരത്തെ അഗ്നിശമന പ്രവർത്തനങ്ങൾക്കായി കൂടുതൽ വെള്ളം ടാങ്കറുകളിൽ എത്തിക്കുന്നുണ്ട്. ആർ.ടി.ഒ മുഖേനയാണ് ടാങ്കേഴ്സ് അസോസിയേഷനിൽ നിന്നും ടാങ്കറുകൾ ലഭ്യമാക്കുന്നത്. റീജ്യണൽ ഫയർ ഓഫിസറുടെ കീഴിൽ കൂടുതൽ ഫയർ ആൻഡ് റെസ്ക്യൂ സേനാംഗങ്ങളെയും നിയോഗിച്ചിട്ടുണ്ട്. തീനാളങ്ങളുടെ ശക്തി കുറഞ്ഞിട്ടുണ്ടെങ്കിലും പുക വമിക്കുന്നത് തുടരുകയാണ്.

### സംസ്ഥാനത്ത് ചൂട് ശക്തം; കണ്ണൂർ, കാസർകോട് ജില്ലകളിൽ ജാഗ്രത തുടരും

## താപനില 39 ഡിഗ്രി സെൽഷ്യസ് വരെ ഉയരും

തിരുവനന്തപുരം: സംസ്ഥാനത്ത് രണ്ടു ദിവസത്തേക്ക് കൂടി ശക്തമായ ചൂട് തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. ചിലയിടങ്ങളിൽ പകലിലെ താപനില 39 ഡിഗ്രി സെൽഷ്യസ് വരെ ഉയരാം. ഇത് സാധാരണയെക്കാൾ അഞ്ച് ഡിഗ്രി കൂടുതലാണ്. അതിനാൽ കഴിഞ്ഞ ദിവസങ്ങളിൽ കണ്ണൂർ, കാസർകോട് ജില്ലകളിൽ പ്രഖ്യാപിച്ചിരുന്ന ജാഗ്രതാ നിർദേശം പിൻവലിച്ചിട്ടില്ല. സൂര്യാതപം, നിർജലീകരണം എന്നിവ വരാതെ ശ്രദ്ധിക്കണമെന്നും രണ്ടുദിവസത്തിനകം ചൂട് കുറയുമെന്നും കാലാവസ്ഥാവകുപ്പ് അറിയിച്ചു.

'വേനൽ ചൂട് വർധിക്കുന്നതിനാൽ പൊതുജനങ്ങൾ പകൽ 11 മുതൽ മൂന്ന് വരെയുള്ള സമയത്ത് സൂര്യപ്രകാശം കൂടുതൽ സമയം ഏൽക്കുന്നത് ഒഴിവാക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിർദേശിച്ചു നിർജലീകരണം തടയാൻ ധാരാളം വെള്ളം കുടിക്കണം. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരണം. കുടിവെള്ളം എപ്പോഴും കയ്യിൽ കരുതണമെന്നും മുൻകരുതൽ നിർദേശത്തിൽ പറയുന്നു.

വിദ്യാർത്ഥികൾക്ക് വെയിൽ കൂടുതലേൽക്കുന്ന അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യണം. കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ 11 മുതൽ മൂന്ന് മണി വരെ, കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ലെന്ന് ഉറപ്പു വരുത്തണം. ക്ലാസ്സ് മുറികളിൽ വായു സഞ്ചാരം ഉറപ്പാക്കണം. പരീക്ഷാക്കാലമായതിനാൽ പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം.

നിർമാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, വഴിയോര കച്ചവടക്കാർ, കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ ജോലി സമയം ക്രമീകരിക്കണം. ജോലിയിൽ ആവശ്യമായ വിശ്രമം ഉറപ്പ് വരുത്തണം.



അങ്കണവാടി കുട്ടികൾക്ക് ചൂടേൽക്കാതിരിക്കാനുള്ള സംവിധാനം അതത് പഞ്ചായത്ത് അധികൃതരും അങ്കണവാടി ജീവനക്കാരും നടപ്പാക്കണം.

പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങളാൽ അവശത അനുഭവിക്കുന്നവർ, ഇവർക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാൻ സാധ്യതയുള്ളതിനാൽ ശ്രദ്ധിക്കണം.

ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുമ്പോൾ ചൂട് ഏൽക്കാത്ത തരത്തിൽ വസ്ത്രധാരണം നടത്തേണ്ടതും ആവശ്യമെങ്കിൽ യാത്രക്കിടയിൽ വിശ്രമിക്കാനുള്ള അനുവാദം അതത് സ്ഥാപനങ്ങൾ നൽകേണ്ടതുമാണ്.

മാധ്യമപ്രവർത്തകരും പോലിസ് ഉദ്യോഗസ്ഥരും 11 മുതൽ 3 മണിവരെയുള്ള സമയങ്ങളിൽ നേരിട്ട് വെയിലേൽക്കരുത്.

കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുള്ളതിനാൽ വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദസഞ്ചാരികളും പ്രത്യേക ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് വനംവകുപ്പിന്റെ നിർദേശങ്ങൾ കർശനമായി പാലിക്കണം.

വേനൽക്കാലത്ത് മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണ-നിക്ഷേപ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) എന്നിവിടങ്ങളിൽ തീപിടുത്തമുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തി കൃത്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണം.

ജലം പാഴാക്കാതെ ഉപയോഗിക്കണം. വേനൽ മഴ ലഭിക്കുമ്പോൾ പരമാവധി ജലം സംഭരിക്കണം.

പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കണം. ഒ.ആർ.എസ് ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. നിർജ്ജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ എന്നിവ പകൽ സമയത്ത് ഒഴിവാക്കണം.

യാത്രയിലേർപ്പെടുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാണ് ഉചിതം. കൈയ്യിൽ വെള്ളം കരുതണം.

കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകരുത്. അസ്വസ്ഥകൾ അനുഭവപ്പെട്ടാലുടൻ വിശ്രമിക്കണമെന്നും വൈദ്യസഹായം തേടണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജല ലഭ്യത ഉറപ്പാക്കണം.

## ഇത് പ്രതിഷേധമല്ല, ഗുണ്ടായിസം; ശക്തമായ നിയമനടപടി സ്വീകരിക്കണം; ഏഷ്യാനെറ്റ് ന്യൂസ് അക്രമത്തിനെതിരേ കെ.യു.ഡബ്ല്യു.ജെ

കൊച്ചി: ഏഷ്യാനെറ്റ് ന്യൂസിന്റെ റീജ്യണൽ ഓഫീസിലേക്ക് അതിക്രമിച്ചു കയറുകയും പ്രവർത്തനം തടസപ്പെടുത്തുകയും ചെയ്ത എസ്.എഫ്.ഐയുടെ പ്രവർത്തി പ്രതിഷേധമല്ല, ഗുണ്ടായിസമെന്ന് കെ.യു.ഡബ്ല്യു.ജെ. വാർത്തകളോട് വിയോജിപ്പോ, എതിർപ്പോ വരുന്ന ഘട്ടങ്ങളിൽ മുമ്പും പ്രതിഷേധങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ ഒരു മാധ്യമ സ്ഥാപനത്തിന്റെ ഓഫീസിനുള്ളിൽ അതിക്രമിച്ചു കയറി അവിടുത്തെ ജീവനക്കാരെ ഭീഷണിപ്പെടുത്തുന്നത് കേരളം പോലെ ജനാധിപത്യ മൂല്യങ്ങൾക്ക് വില നൽകുന്ന ഒരു നാടിന് അംഗീകരിക്കാൻ കഴിയുന്നതല്ലെന്ന് കേരള പത്രപ്രവർത്തക യൂണിയൻ ശക്തമായി അപലപിച്ചു. കുറ്റക്കാർക്കെതിരേ അടിയന്തിരമായി ശക്തമായ നിയമ നടപടി സ്വീകരിക്കണമെന്ന് കെ.യു.ഡബ്ല്യു.ജെ സംസ്ഥാന പ്രസിഡന്റ് എം.വി വിനീതയും ജനറൽ സെക്രട്ടറി ആർ. കിരൺ ബാബുവും ആവശ്യപ്പെട്ടു. അതേ സമയം സംഭവത്തിൽ പ്രതികളായ എസ്.എഫ്.ഐ പ്രവർത്തകർക്കെതിരേ ഐ.പി.സി 143, 147, 149, 447, 506 വകുപ്പുകൾ പ്രകാരം കൊച്ചി പോലിസ് കേസെടുത്തു. അന്യായമായ കൂട്ടം ചേരൽ, സംഘർഷാവസ്ഥ സൃഷ്ടിക്കൽ, അതിക്രമിച്ച് കടക്കൽ, ഭീഷണിപ്പെടുത്തൽ എന്നീ കുറ്റങ്ങളാണ് പ്രതികൾക്കെതിരേ ചുമത്തിയിരിക്കുന്നത്. ഏഷ്യാനെറ്റ് ന്യൂസ് ഓഫിസിൽ അതിക്രമിച്ച് കയറി ജീവനക്കാരെ ഭീഷണിപ്പെടുത്തി, ഓഫിസിന്റെ പ്രവർത്തനങ്ങൾ തടസപ്പെടുത്തിയെന്നും പ്രഥമവിവര റിപ്പോർട്ടിലുണ്ട്. പ്രതികൾ ന്യായവിരുദ്ധമായി സംഘം ചേർന്നു, മുദ്യാവാക്യം വിളിച്ച് ഓഫിസിനുള്ളിൽ യോഗം സംഘടിപ്പിച്ചു. കണ്ടാൽ അറിയാവുന്ന മുപ്പതോളം എസ്.എഫ്.ഐ പ്രവർത്തകരാണ് സംഭവത്തിന് പിന്നിലെന്നും പോലിസ് വ്യക്തമാക്കി




ഏഷ്യാനെറ്റ് ഓഫിസിലേക്ക് അതിക്രമിച്ച് കയറിയ എസ്.എഫ്.ഐ പ്രവർത്തകർ

## കേരളം പിടിക്കുമെന്ന മോദിയുടെ മോഹം അതിരുകവിഞ്ഞത്; പരിഹസിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ബി.ജെ.പിയുടെ വിജയത്തെതുടർന്ന് കേരളത്തിൽ ബി.ജെ.പി സർക്കാരുണ്ടാക്കുമെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവനയെ പരിഹസിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. അടുത്ത തെരഞ്ഞെടുപ്പിൽ കേരളം പിടിക്കുമെന്ന മോദിയുടെ പ്രസ്താവന അതിരുകവിഞ്ഞ മോഹമാണെന്ന് മുഖ്യമന്ത്രി പ്രസ്താവനയിൽ പറഞ്ഞു.ന്യൂനപക്ഷങ്ങൾ എന്തൊക്കെ പ്രയാസങ്ങളനുഭവിക്കുന്നുണ്ടെന്നും അതിനു കാരണക്കാർ ആരാണെന്നും തീവ്രമായ അനുഭവങ്ങളിലൂടെ ബോധ്യമുള്ളവരാണ് ഈ നാട്ടുകാർ. സംഘപരിവാറിൽ നിന്ന് കൊടിയ പീഡനം നേരിടുന്ന ന്യൂനപക്ഷങ്ങൾക്ക് ബി.ജെ.പി അനുകൂല നിലപാടിലെത്താനാവില്ല. ചില താൽക്കാലിക ലാഭങ്ങൾക്കായി ആരെങ്കിലും നടത്തുന്ന നീക്കുപോക്കുകൾ ന്യൂനപക്ഷത്തിന്റെ പൊതുസ്വഭാവമാണെന്ന് കരുതുന്നത് ഭീമാബദ്ധമാണ്. വർഗീയ ശക്തികൾക്ക് കേരളത്തിന്റെ മണ്ണിൽ സ്ഥാനമുണ്ടാകില്ലെന്ന് ഈ നാട് എക്കാലത്തും വ്യക്തമാക്കിയിട്ടുണ്ട്. മതനിരപേക്ഷതയുടെ കേരള മാതൃക രാജ്യത്താകെ വേരുറപ്പിക്കുന്ന നാളുകളാണ് വരാനുള്ളതെന്നും മുഖ്യമന്ത്രി പ്രസ്താവനയിൽ കൂട്ടിച്ചേർത്തു.



വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ ജയത്തിന് ശേഷം ഇനി കേരളം ലക്ഷ്യമെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവനയെ ചൊല്ലിയാണ് സജീവ രാഷ്ട്രീയ ചർച്ച. നരേന്ദ്രമോദിയുടെ പ്രസ്താവനയെ പരിഹസിച്ച് സി.പി.ഐ.എമ്മും കോൺഗ്രസും ഒരു പോലെ രംഗത്തെത്തുകയാണ്. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ അവസ്ഥ കണ്ട് കേരളത്തിൽ പ്രതീക്ഷ വയ്ക്കരുതെന്ന് സി.പി.ഐ.എം സംസ്ഥാന സെക്രട്ടറി ഓർമ്മിപ്പിച്ചു. സി.പി.എമ്മും ബി.ജെ.പിയും ഗൂഢസഖ്യമുണ്ടാക്കി കോൺഗ്രസിനെ തകർക്കാൻ ശ്രമിക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ് ആരോപിച്ചു.

# ഇന്ത്യയെ അഭിനന്ദിച്ച് ബിൽ ബിൽഗേറ്റ്സ്



ബിൽഗേറ്റ്സ്, പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ നിന്ന്

ന്യൂഡൽഹി: വിവിധ മേഖലകളിൽ ഇന്ത്യ കൈവരിച്ചുകൊണ്ടിരിക്കുന്ന പുരോഗതിയിൽ ശുഭാപ്തി വിശ്വാസം തോന്നുന്നുവെന്ന് ഗേറ്റ്സ് നോട്ട്സ് ബ്ലോഗിൽ ബിൽഗേറ്റ്സ്. വെള്ളിയാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു പിന്നാലെയാണ് ആരോഗ്യം, വികസനം, കാലാവസ്ഥ എന്നീ മേഖലകളിൽ ഇന്ത്യ കൈവരിച്ചുകൊണ്ടിരിക്കുന്ന പുരോഗതിയിൽ അദ്ദേഹം ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചത്. ആരോഗ്യ മേഖലയിലെ നൂതന പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ജി-20 ഉച്ചകോടിയുടെ അധ്യക്ഷ പദവി തുടങ്ങിയ വിഷയങ്ങളിൽ ഗേറ്റ്സ് മോദിയുമായി ചർച്ച നടത്തി.

കൊവിഡ് കാലത്ത് ഇന്ത്യ ഡിജിറ്റൽ പേയ്മെന്റിലേക്ക് മാറിയതിനെ ഗേറ്റ്സ് ബ്ലോഗിൽ അദ്ദേഹം അഭിനന്ദിച്ചു. നൂതനമായ ആശയങ്ങളിൽ നിക്ഷേപം നടത്തുമ്പോൾ ഉണ്ടാകുന്നത് എന്താണെന്ന് ഇന്ത്യ കാണിച്ചുതരുന്നുവെന്നും ഈ പുരോഗതി തുടരുമെന്നും തങ്ങളുടെ പുതിയ ആശയങ്ങൾ ലോകവുമായി പങ്കുവയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും ബിൽ ഗേറ്റ്സ് കുറിച്ചു.

## വിവാദങ്ങൾക്ക് വിരാമമിട്ട് ഇ.പി ജയരാജൻ ജനകീയ പ്രതിരോധജാഥയിൽ; ഇന്ന് തൃശ്ശൂരിൽ പങ്കെടുക്കും



കണ്ണൂർ: വിവാദങ്ങൾക്ക് വിരാമമിട്ട് സി.പി.എം കേന്ദ്ര കമ്മിറ്റിയംഗവും എൽ.ഡി.എഫ് കൺവീനറുമായ ഇ.പി ജയരാജൻ സി.പി.എമ്മിന്റെ ജനകീയ പ്രതിരോധ ജാഥയിൽ പങ്കെടുക്കും. സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ നയിക്കുന്ന ജാഥയിൽ ഇതുവരെ ഇ.പി പങ്കെടുക്കാത്തത് വിവാദമായിരുന്നു. കഴിഞ്ഞ മാസം 20ന് കാസർക്കോട്ട് നിന്ന് ആരംഭിച്ച പ്രതിരോധ ജാഥയുടെ തൃശൂർ സമ്മേളനത്തിലാണ് ഇ.പി പങ്കെടുക്കുന്നത്. ഇന്ന് വൈകീട്ട് അഞ്ച് മണിക്ക് തേക്കിൻകാട് മൈതാനത്താണ് പൊതുസമ്മേളനം. ജാഥയിൽ പങ്കെടുത്ത് സംസാരിക്കുന്ന ഇ.പി താൻ ജാഥയിൽ തന്റെ അസാന്നിധ്യവുമായി ബന്ധപ്പെട്ട് ഉയർന്ന വിവാദങ്ങൾക്കും മറുപടി നൽകും. എ.കെ.ജി സെന്ററിൽ കഴിഞ്ഞ ദിവസം ചേർന്ന സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് യോഗത്തിന് പിന്നാലെയാണ് ഇ.പി ജാഥയിൽ പങ്കെടുക്കാൻ തീരുമാനിച്ചത്. അതേസമയം, പാർട്ടി നിർദേശ പ്രകാരമാണ് ജാഥയിൽ പങ്കെടുക്കുന്നതെന്ന വാർത്ത ഇ.പി ജയരാജൻ തള്ളിയില്ല. പാർട്ടി തന്നോട് പറയുന്നത് മാധ്യമങ്ങളോട് പറയാനാകുമോ എന്നായിരുന്നു ഇ.പിയുടെ പ്രതികരണം. രാവിലെ ഒമ്പത് മണിക്ക് ചെറുതുരുത്തിയിൽ എത്തുന്ന യാത്രക്ക് പന്ത്രണ്ട് ഇടത്ത് സ്വീകരണം നൽകും. വൈകീട്ട് അഞ്ച് മണിക്ക് തേക്കിൻകാട് മൈതാനത്ത് പൊതുസമ്മേളനവും ഉണ്ടാകും.

## ഫീസടച്ചില്ല,പരീക്ഷയെഴുതാൻ അവസരം നിഷേധിച്ച് സ്കൂൾ അധികൃതർ; ഒമ്പതാം ക്ലാസുകാരി ജീവനൊടുക്കി

ബറേലി: ഉത്തർപ്രദേശിലെ ബറേലിയിൽ ഫീസടക്കാത്തതിനാൽ പരീക്ഷ എഴുതാൻ അവസരം നിഷേധിക്കപ്പെട്ട 14കാരി ആത്മഹത്യ ചെയ്തു. ബറാബലിയിലെ സ്വകാര്യ സ്കൂളിലെ ഒമ്പതാംക്ലാസുകാരിയാണ് മരിച്ച പെൺകുട്ടി. മകൾക്ക് ഫീസടക്കാൻ കഴിഞ്ഞില്ലെന്നും സ്കൂൾ അധികൃതർ പരീക്ഷ എഴുതാൻ അവസരം നിഷേധിച്ചതുമാണ് മകളുടെ മരണത്തിന് കാരണമെന്ന് അച്ഛൻ അശോക് കുമാർ പറഞ്ഞു. പരീക്ഷ എഴുതാൻ അവസരം നിഷേധിച്ചതോടെ മകൾ വീട്ടിൽ തിരികെയെത്തി ആത്മഹത്യ ചെയ്യുകയായിരുന്നുവെന്ന് അശോക് കുമാർ കൂട്ടിച്ചേർത്തു. ഫീസടക്കാൻ കുറച്ച് സമയം കൂടി സ്കൂൾ അധികൃതരോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതവർ നിരസിക്കുകയായിരുന്നു. സംഭവത്തിൽ പോലിസ് സ്റ്റേഷനൽ പരാതി നൽകുകയും ചെയ്തു. വിഷയം അന്വേഷിച്ചുവരികയാണെന്ന് സിറ്റി പോലിസ് സൂപ്രണ്ട് രാഹുൽ ബാട്ടി പറഞ്ഞു.

## വ്യാജവാർത്തകളുടെ കാലത്ത് സത്യം ഇരയാക്കപ്പെടുന്നു: ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്



ന്യൂഡൽഹി: പുതിയ കാലത്ത് ഏറ്റവും വലിയ വെല്ലുവിളി അസഹിഷ്ണുതയാണെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്. സാമൂഹിക മാധ്യമങ്ങളിലെ വ്യാജവാർത്തകളുടെ കാലത്ത് സത്യം ഇരയാക്കപ്പെടുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അമേരിക്കൻ ബാർ അസോസിയേഷന്റെ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമൂഹമാധ്യമങ്ങളുടെ വ്യാപനത്തോടെ ജഡ്ജിമാർ പോലും ട്രോൾ ചെയ്യപ്പെടുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അവരുടെ അഭിപ്രായവുമായി യോജിക്കുന്നില്ലെങ്കിൽ ചെയ്യുന്ന എല്ലാകാര്യങ്ങളിലും ജഡ്ജിമാർക്ക് പോലും രക്ഷയില്ലാതെ ട്രോൾ ചെയ്യപ്പെടുകയാണ്. വിത്തായി വിതയ്ക്കുന്നത് യുക്തികൊണ്ട് പരിശോധിക്കാൻ കഴിയാത്ത വിധത്തിൽ വളർന്ന് പന്തലിക്കുകയാണ്. ആളുകൾക്ക് സഹിഷ്ണുത കുറഞ്ഞുവരികയാണെന്നും സ്വന്തം കാഴ്ചപ്പാടിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായങ്ങൾ സ്വീകരിക്കാൻ തയ്യാറല്ലാത്തതിനാൽ ആളുകൾ അസഹിഷ്ണുക്കൾ ആയിമാറുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സാങ്കേതിക വിദ്യയും അതിന്റെ അനുരണനവും നിയന്ത്രണത്തിന് അപ്പുറത്താവുന്നു എന്നതാണ് ഇന്ന് സമൂഹം നേരിടുന്ന വെല്ലുവിളി. യാത്രയും സാങ്കേതിക വിദ്യയും വികസിച്ചതിനൊപ്പം മാനവികത വളർന്നിട്ടുണ്ട്. എങ്കിലും വ്യക്തിപരമായി നമ്മൾ വിശ്വസിക്കുന്നതിന് പുറത്തുള്ളവയെ സ്വീകരിക്കുന്നതിൽ നിന്നും ഇത് തടയുന്നുണ്ടെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞു.

## ഗുരുതര ചട്ടലംഘനം, അച്ചടക്കലംഘനം


# കെ.എസ്.ആർ.ടി.സിയിൽ ആറ് ജീവനക്കാർക്ക് സസ്പെൻഷൻ




തിരുവനന്തപുരം: ആറ് ജീവനക്കാരെ സസ്പെൻഡ് ചെയ്ത് കെ.എസ്.ആർ.ടി.സി. ഗുരുതര ചട്ടലംഘനവും അച്ചടക്കലംഘനവും സ്വഭാവ ദൂഷ്യപരമായ പ്രവൃത്തി തുടങ്ങി വിവിധ കാരണങ്ങൾ കൊണ്ടാണ് ജീവനക്കാരെ സസ്പെൻഡ് ചെയ്തത്. അപകടകരമായ വിധം ബസ് ഡ്രൈവ് ചെയ്ത് രണ്ട് കോളേജ് വിദ്യാർഥികൾ മരണപ്പെട്ട സംഭവത്തിൽ ചടയമംഗലം ഡിപ്പോയിലെ ഡ്രൈവർ ആർ.ബിനുവിനെ സസ്പെൻഡ് ചെയ്തു. ഫെബ്രുവരി28 നായിരുന്നു അപകടം. ഉദ്യോഗസ്ഥരിൽ നല്ല മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് വേണ്ടി ഏർപ്പെടുത്തിയ ബിഹേവിയറൽ ചെയ്ഞ്ച് ട്രെയിനിംഗിൽ മദ്യപിച്ച് ഹാജരായ മൂലമറ്റം യൂണിറ്റിലെ കണ്ടക്ടർ ബിജു അഗസ്റ്റ്യനെയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. ഫെബ്രുവരി 26ന് പാറശ്ശാല ഡിപ്പോയിലെ ബ്ലാക്ക് സ്മിത്ത് ഐ.ആർ ഷാനു 200ഗ്രാം ബ്രാസ് സ്ക്രാപ്പ് കടത്തിക്കൊണ്ട് പോകാൻ ശ്രമിച്ചത് ഡ്യൂട്ടി ഗാർഡ് കണ്ടെത്തിയിരുന്നു. ഈ സംഭവത്തിൽ നടത്തിയ അന്വേഷണത്തിനോട് ഷാനു സഹകരിക്കുവാനോ, വിശദീകരിക്കുവാനോ തയ്യാറായിരുന്നില്ല . തുടർന്ന് ഷാനുവിനേയും സസ്പെൻഡ് ചെയ്തു. ഇയാൾക്കെതിരേ മോഷണക്കുറ്റത്തിന് കോർപറേഷൻ പാറശ്ശാല പോലിസിൽ പരാതിയും നൽകിയിട്ടുണ്ട്.

ഫെബ്രുവരി 19ന് ആലുവ ശിവരാത്രി ദിവസം എറണാകുളം ഡിപ്പോയിൽ വെഹിക്കിൾ സൂപ്പർവൈസർ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന എ.എസ് ബിജുകുമാർ മദ്യപിച്ച് ഡ്യൂട്ടിക്കെത്തിയതായി രാത്രി കാല ഡിപ്പോ പരിശോധന നടത്തിയ ഇൻസ്പെക്ടർമാർ കണ്ടെത്തിയിരുന്നു. തുടർന്ന് നടത്തിയ ബ്രീത്ത് അനലൈസർ പരിശോധനയിൽ മദ്യപച്ചിരുന്നതായി തെളിയുകയും ചെയ്തു. മദ്യപിച്ച് ഡ്യൂട്ടിയിൽ ഏർപ്പെടുകയോ, മദ്യലഹരിയിൽ ഓഫീസ്, ഗ്യാരേജ്, ബസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ പ്രവേശിക്കുകയോ ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റമാണെന്ന് സി.എം.ഡി നൽകിയിരുന്ന ഉത്തരവിന്റെ ലംഘനമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ബിജുകുമാറിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. നെയ്യാറ്റിൻകര ഡിപ്പോയിലെ കണ്ടക്ടറുടെ ചികിത്സയ്ക്കായി പിരിച്ചെടുത്ത 1.39 ലക്ഷം രൂപ അയാളുടെ അക്കൗണ്ടിൽ ഇട്ട് കൊടുത്ത ശേഷം തിരികെ വാങ്ങുകയും, ആ തുകയിൽ തിരിമറി നടത്താൻ ശ്രമിക്കുകയും ചെയ്ത നെയ്യാറ്റിൻകര ഡിപ്പോയിലെ ജനറൽ ഇൻസ്പെക്ടർ ടി.ഐ സതീഷ്കുമാറിനേയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. ഇത് കൂടാതെ 2022 ഡിസംബർ 10ന് കോഴിക്കോട് ഡിപ്പോയിലെ ബസിലെ യാത്രക്കാരനിൽ നിന്നും ലഗേജിന്റെ നിരക്ക് ഈടാക്കിയ ശേഷം ടിക്കറ്റ് നൽകാതിരുന്നതിനെ തുടർന്ന് യാത്രാക്കാരൻ നൽകിയ പരാതിയെ തുടർന്ന് അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടെത്തിയ കണ്ടക്ടർ പി.ജെ പ്രദീപിനെയും സസ്പെൻഡ് ചെയ്തു.

## 'റഷ്യ സാമ്പത്തിക പാപ്പരത്തത്തിലേക്ക്'



മോസ്കോ: റഷ്യയുടെ സാമ്പത്തിക നില ഭദ്രമെന്ന് പ്രസിഡന്റ് വ്ലാദിമർ പുടിൻ പറഞ്ഞതിനു പിന്നാലെ ഒരു വർഷത്തിനുള്ളിൽ റഷ്യ സാമ്പത്തിക പാപ്പരത്തത്തിലേക്ക് നീങ്ങുമെന്ന് പഴയ റഷ്യൻ പ്രഭു ഒലെഗ് ഡറിപസ്ക പറഞ്ഞതായി റിപ്പോർട്ട്. രാജ്യം രക്ഷപ്പെടണമെങ്കിൽ വിദേശ രാജ്യങ്ങളുടെ സഹായം കൂടിയേ തീരൂ എന്നും ഒലെഗ് ഡറിപസ്ക പറഞ്ഞു. പാശ്ചാത്യ രാജ്യങ്ങളുടെ ഉപരോധത്തിനു മുന്നിലും തകരാതെ നിന്ന സമ്പദ് വ്യവസ്ഥയെ പ്രശംസിച്ചായിരുന്നു പുടിൻ കഴിഞ്ഞ ദിവസം പ്രസ്താവന നടത്തിയത്. 'അടുത്ത വർഷമാകുമ്പോഴേക്കും ട്രഷറിയിൽ പണമൊന്നും ഉണ്ടാകില്ല, ഞങ്ങൾക്ക് വിദേശ നിക്ഷേപകരെ ആവശ്യമുണ്ട് '. റഷ്യ-ഉക്രൈയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് പ്രഭു ഒലെഗ് ഡറിപസ്കയുടെ ഈ പ്രതികരണം. 2022ൽ സംഘർഷത്തിന്റെ ആദ്യ ദിവസങ്ങളിൽ തന്നെ യുക്രെയ്നിലെ മോസ്കോയുടെ അധിനിവേശം അവസാനിപ്പിക്കാൻ റഷ്യൻ പ്രഭുക്കന്മാർ ആഹ്വാനം ചെയ്തിരുന്നു എന്നാണ് റഷ്യൻ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വാർത്താ ഏജൻസിയായ ടാസ് റിപ്പോർട്ട് ചെയ്തിരുന്നത്. വിദേശ നിക്ഷേപകർക്ക്, പ്രത്യേകിച്ച് റഷ്യയുടെ സൗഹൃദ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് രാജ്യത്തെ രക്ഷിക്കുന്നതിൽ വലിയ പങ്ക് വഹിക്കാനാവുമെന്നാണ് ഡെറിപസ്ക പയുന്നത്. ശരിയായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും വിപണികൾ ആകർഷകമാക്കുന്നതിനുമുള്ള റഷ്യയുടെ കഴിവിനെ ആശ്രയിച്ചിരിക്കും വിദേശ നിക്ഷേപങ്ങളുടെ വരവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. റഷ്യയുടെ സാമ്പത്തിക സാധ്യതകൾ നിർണ്ണയിക്കുന്നത് യുക്രെയ്നിൽ എന്താണ് സംഭവിക്കുന്നത് എന്നതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കാമെന്നും ഒലെഗ് ഡെറിപസ്ക ചൂണ്ടിക്കാട്ടി. 2022 ഫെബ്രുവരിയിലാരംഭിച്ച യുക്രെയ്ൻ അധിനിവേശത്തിനു ശേഷം, പാശ്ചാത്ത്യ രാജ്യങ്ങൾ 11300ലധികം ഉപരോധങ്ങളാണ് റഷ്യക്ക് നേരെ ഏർപ്പെടുത്തിയത്. റഷ്യയുടെ 300 ബില്യൺ ഡോളറിന്റെ വിദേശ കരുതൽ ശേഖരം മരവിപ്പിക്കുകയും ചെയ്തിരുന്നു. അതേസമയം ചൈന, റഷ്യക്ക് സാമ്പത്തികസഹായം ഉൾപ്പടെ നൽകിവരുന്നുണ്ട്. റഷ്യ ഈ മാസം എണ്ണ ഉൽപാദനം വെട്ടിക്കുറയ്ക്കുകയാണ്. പാശ്ചാത്ത്യ രാജ്യങ്ങൾ ഉപരോധങ്ങൾ കൂടുതൽ കർശനമാക്കിയേക്കാം.

## ബീഹാറിൽ നിന്നുള്ള അതിഥി തൊഴിലാളികൾക്ക് തമിഴ്നാട്ടിൽ മർദ്ദനം; പ്രചാരണം തള്ളി തേജസ്വി യാദവ്



പട്ന: ബീഹാറിൽ നിന്നുള്ള അതിഥി തൊഴിലാളികൾക്ക് മർദ്ദനമേറ്റതായി സമൂഹമാധ്യമങ്ങളില വ്യാപകപ്രചാരണം നേടുന്ന വീഡിയോ വ്യാജമെന്ന് ബിഹാർ ഉപമുഖ്യമന്ത്രി തേജസ്വി യാദവ്. തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിനും വീഡിയോ വ്യാജമെന്ന് വിലയിരുത്തി. ബി.ജെ.പിക്കെതിരെ രൂക്ഷ വിമർശനവുമായാണ് വ്യാപക പ്രചാരം നേടിയ വീഡിയോകൾ വസ്തുതാ വിരുദ്ധമാണെന്ന് തേജസ്വി വിശദമാക്കിയത്.

വിഷയത്തിൽ ഇരു സർക്കാരുകളുടേയും വിശദീകരണം ബോധ്യപ്പെട്ടില്ലെങ്കിൽ കേന്ദ്രത്തിന്റെ സഹായം തേടാനും തേജസ്വി പ്രതിപക്ഷത്തോട് ആവശ്യപ്പെട്ടു.വ്യാജ വീഡിയോ പ്രചാരണങ്ങൾക്ക് പിന്നിൽ രാഷ്ട്രീയ ലാഭമുണ്ടാക്കാനുള്ള ബി.ജെ.പി ശ്രമങ്ങളാണെന്നാണ് തേജസ്വിയും തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിനും പ്രതികരിക്കുന്നത്. വസ്തുതകളിൽ താൽപര്യമില്ലാത്തവരാണ് ഇത്തരം വ്യാജ പ്രചാരങ്ങളിൽ മുഴുകിയിട്ടുള്ളതെന്നും തേജസ്വി യാദവ് ബി.ജെ.പിയെ കുറ്റപ്പെടുത്തി. പ്രതിപക്ഷ നേതാവ് വിജയ് കുമാർ സിൻഹ സഭയിൽ കാണിച്ച വീഡിയോയ്ക്കെതിരേയും രൂക്ഷ വിമർശനമാണ് തേജസ്വി നടത്തിയത്.

തമിഴ്നാട്ടിൽ നേരത്തെ വ്യത്യസ്ത സംഭവങ്ങളിലായുണ്ടായ അക്രമ വീഡിയോയാണ് നിലവിൽ ബിഹാർ സ്വദേശികൾക്കെതിരായ ആക്രമണമെന്ന നിലയിൽ പ്രചരിപ്പിക്കുന്നതെന്നും തമിഴ്നാട് ഡി.ജി.പി വിശദമാക്കിയിരുന്നു. സമൂഹ മാധ്യമങ്ങളിൽ വ്യാപക പ്രചാരം നേടിയ വീഡിയോകൾ വസ്തുതാ വിരുദ്ധമാണെന്നും പഴയതാണെന്നും നേരത്തെ തമിഴ്നാട് ഡി.ജി.പി സി.ശൈലേന്ദ്ര ബാബു വിശദമാക്കിയിരുന്നു.

## സ്പുട്നിക് വാക്സിൻ വികസിപ്പിച്ച ശാസ്ത്രജ്ഞരിലൊരാൾ കൊല്ലപ്പെട്ട നിലയിൽ



ആൻഡ്രീ ബോട്ടികോവ്

മോസ്കോ: 2020ൽ റഷ്യയുടെ കൊവിഡ് പ്രതിരോധ വാക്സിനായ സ്പുട്നിക് വികസിപ്പിച്ച ഗവേഷകരിലൊരാളായ ആൻഡ്രീ ബോട്ടികോവിനെ മരിച്ച നിലയിൽ കണ്ടെത്തി. 47-കാരനായ ബോട്ടികോവ് മോസ്കോയിലെ ഗമേലയ നാഷണൽ റിസേർച്ച് സെന്റർ ഫോർ എപ്പിഡമോളജി ആന്റ് മൈക്രോബയോളജിയിലെ മുതിർന്ന ഗവേഷകനാണ്. ബെൽറ്റ് കൊണ്ട് ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയ നിലയിലാണ് ആൻഡ്രീ ബോട്ടികോവിനെ വീടിനുള്ളിൽ കണ്ടെത്തിയത്. സംഭവത്തിൽ 29 കാരനായ യുവാവിനെ പോലിസ് അറസ്റ്റ് ചെയ്തു. ഇരുവരും തമ്മിലുണ്ടായ തർക്കം കൊലപാതകത്തിലേക്ക് നയിച്ചതാണെന്ന് പോലിസ് പറഞ്ഞു.

## കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വെല്ലുവിളി നേരിടുന്നതിൽ അറബ് രാജ്യങ്ങൾ മികച്ച പിന്തുണ നൽകുന്നു: ജോൺ കെറി



ന്യൂയോർക്ക്: കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ഭീഷണി നേരിടുന്നതിൽ യു.എന്നിന് അറബ് രാജ്യങ്ങളുടെ പിന്തുണയുണ്ടെന്ന് ജോൺ കെറി. സൗദിഅറേബ്യ, യു.എ.ഇ ഉൾപ്പടെയുള്ള അറബ് രാജ്യങ്ങൾ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വെല്ലുവിളി നേരിടുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നുണ്ട്. കാലാവസ്ഥ സംബന്ധിച്ച് യു.എസ് പ്രസിഡന്റിന്റെ പ്രത്യേക പ്രതിനിധിയാണ് ജോൺ കെറി.കാലവസ്ഥ വ്യതിയാനമുണ്ടാക്കുന്ന വെല്ലുവിളി അഭിസംബോധന ചെയ്യുന്നതിൽ യു.എൻ പ്രശംസനീയമായ പ്രവർത്തനമാണ് കാഴ്ച്ചവെക്കുന്നതെന്നും കെറി അഭിപ്രായപ്പെട്ടു. 1995 മുതൽ യു.എൻ കാലവസ്ഥ വ്യതിയാനം കാരണമുണ്ടാകുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യാൻ പ്രത്യേക വാർഷിക സമ്മേളനം (സി.ഒ.പി) വിളിച്ചുചേർക്കുന്നുണ്ട്. യു.എന്നിന്റെ ഇത്തരം സി.ഒ.പി സമ്മേളനങ്ങളിൽ നാലെണ്ണം സംഘടിപ്പിച്ചത് അറേബ് രാജ്യങ്ങളിലാണെന്നും കെറി ചൂണ്ടിക്കാട്ടി. 2001, 2016ൽ മൊറോക്കോയിലാണ് സി.ഒ.പി യോഗം സംഘടിപ്പിച്ചത്. 2012ൽ ഖത്തറാണ് സി.ഒ.പി സമ്മേളനത്തിന് ആതിഥ്യം വഹിച്ചത്. 2022ൽ ഈജിപ്റ്റിലാണ് സി.ഒ.പി സമ്മേളനം സംഘടിപ്പിച്ചതെന്നും കാലാവസ്ഥാവ്യതിയാനം നേരിടുന്നതിൽ അറബ് രാജ്യങ്ങളുടെ പങ്ക് വിശദമാക്കി ജോൺ കെറി ചൂണ്ടിക്കാണിച്ചു.

ഈ വർഷത്തെ യു.എന്നിന്റെ സിഒപി യോഗത്തിന് യു.എ.ഇയാണ് വേദിയാകുന്നതെന്നും ജോൺ കെറി വ്യക്തമാക്കി. കാലാവസ്ഥ, ഫോസിൽ ഇന്ധനങ്ങൾ എന്നീ വിഷയങ്ങളിൽ യു.എ.ഇ കഴിഞ്ഞ വർഷം ആദ്യത്തെ യോഗം വിളിച്ചുച്ചേർത്തിരുന്നു. യോഗത്തിൽ മേഖലയിലെ പതിനൊന്ന് രാജ്യങ്ങൾ പങ്കെടുത്തിരുന്നതായും യു.എസ് നയതന്ത്ര പ്രതിനിധി ജോൺ കെറി ചൂണ്ടിക്കാട്ടി.

## പാക്കിസ്ഥാന് ചൈനയുടെ 130 കോടി ഡോളറിന്റെ വായ്പ



ഇസ്ലാമാബാദ്: കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പാക്കിസ്ഥാന് ചൈന 130 കോടി ഡോളർ വായ്പ നൽകി. മൂന്നു ഗഡുക്കളായി നൽകുന്ന വായ്പയുടെ ആദ്യഗഡുവായ 500 മില്യൺ പാകിസ്ഥാൻ സെൻട്രൽ ബാങ്കിനു ലഭിച്ചതായി പാകിസ്ഥാൻ ധനകാര്യ മന്ത്രി ഇഷാഖ് ധർ അറിയിച്ചു.

ഇൻഡസ്ട്രിയൽ ആന്റ് കൊമേഴ്സ്യൽ ബാങ്ക് ഓഫ് ചൈനയാണ് ധനസഹായം നൽകുന്നത്. പാകിസ്ഥാൻ പ്രധാനമായും പിടിച്ചുനിൽക്കുന്നത് ചൈനീസ് സഹകരണത്തോടെയാണ്. ഏതാണ്ട് 700 മില്യൺ ഡോളറിന്റെ സാമ്പത്തിക സഹായം ഇതിനോടകം ചൈനയിൽ നിന്ന് പാകിസ്ഥാന് ലഭിച്ചു. സാമ്പത്തിക വിടവ് നികത്താൻ ഈ സാമ്പത്തിക വർഷം 500 കോടി ഡോളറിന്റെ വാദേശ സഹായം കൂടി പാകിസ്ഥാന് ആവശ്യമാണെന്നും ഇഷാക് ധർ പറഞ്ഞു.

# കൊട്ടക...

## ടോപ് ഗിയർ അവാർഡ്– 2023; പെട്രോൾഹെഡ് ആക്ടറിനുള്ള അവാർഡ് സ്വന്തമാക്കി ഡി.ക്യു



ബി.ബി.സി ടോപ് ഗിയർ ഇന്ത്യ അവാർഡ് –2023ന് അർഹനായി ദുൽഖർ സൽമാൻ. ഈ വർഷത്തെ പെട്രോൾഹെഡ് ആക്ടറിനുള്ള അവാർഡാണ് താരം സ്വന്തമാക്കിയത്. ചുപ് എന്ന ചിത്രത്തിലെ പ്രകടനമാണ് ദുൽഖറിനെ അവാർഡിന് അർഹനാക്കിയത്. അടുത്തിടെയാണ് ദുൽഖർ സൽമാന് ദാദാസാഹിബ് ഫാൽക്കേ പുരസ്കാരം ലഭിച്ചത്. മികച്ച വില്ലൻ കഥാപാത്രത്തിനുള്ള പുരസ്കാരമായിരുന്നു ദുൽഖറിന് ലഭിച്ചത്. മലയാളത്തിലെ അഭിനേതാക്കളിൽ ഈ പുരസ്കാരം ലഭിക്കുന്ന ആദ്യത്തെ നടനാണ് ദുൽഖർ. ആർ.ബൽകി രചനയും സംവിധാനവും നിർവഹിച്ച ചുപ്പ് സൈക്കോളജിക്കൽ ത്രില്ലർ വിഭാഗത്തിൽ പെടുന്നതാണ്. ദുൽഖറിന്റെ മൂന്നാമത്തെ ബോളിവുഡ് ചിത്രമായിരുന്നു ഇത്. ബിഗ് ബജറ്റ് എന്റർടെയ്നർ ചിത്രം 'കിംഗ് ഓഫ് കൊത്ത'യാണ് ഇനി ദുൽഖറിന്റേതായി പുറത്തിറങ്ങാനുള്ള ചിത്രം. ഈ വർഷം ഓണം റിലീസ് ആണ് ചിത്രത്തിന്. ദുൽഖറിന്റെ എക്കാലത്തെയും വലിയ ബജറ്റിലൊരുങ്ങുന്ന ചിത്രം നിർമിക്കുന്നത് വെഫേറർ ഫിലിംസും സീ സ്റ്റുഡിയോയും ചേർന്നാണ്. സംവിധായകൻ ജോഷിയുടെ മകൻ അഭിലാഷ് ജോഷിയാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്.





## മനീഷ് സിസോദിയയുടെ സി.ബി.ഐ കസ്റ്റഡി രണ്ട് ദിവസത്തേക്ക് നീട്ടി

ന്യൂഡൽഹി: മദ്യനയ അഴിമതി കേസിൽ അറസ്റ്റിലായ ഡൽഹി മുൻ ഉപമുഖ്യമന്ത്രിയും എ.എ.പി നേതാവുമായ മനീഷ് സിസോദിയയുടെ സി.ബി.ഐ കസ്റ്റഡി രണ്ട് ദിവസം കൂടി നീട്ടി. സിസോദിയ അന്വേഷണവുമായി സഹകരിക്കുന്നില്ലെന്നും മൂന്ന് ദിവസം കൂടി കസ്റ്റഡിയിൽ നൽകണമെന്നും സി.ബി.ഐ കോടതിയിൽ ആവശ്യപ്പെട്ടിരുന്നു. സിസോദിയയുടെ ജാമ്യാപേക്ഷ സി.ബി.ഐ കോടതി 10ന് പരിഗണിക്കും. ചില രേഖകൾ കാണാനില്ലെന്നും അത്



കണ്ടെത്താൻ സമയം വേണമെന്നും സി.ബി.ഐ കോടതിയിൽ പറഞ്ഞു. അതേ സമയം സി.ബി.ഐയുടെ അന്വേഷണം പരാജയമാണെന്ന് സിസോദിയയുടെ അഭിഭാഷകൻ വാദിച്ചു. കേസിൽ ജാമ്യം തേടി സിസോദിയ സമർപ്പിച്ച ഹർജി സുപ്രീംകോടതി മടക്കിയിരുന്നു. അറസ്റ്റ് റദ്ദാക്കണമെന്ന ഹർജിയിൽ ഇപ്പോൾ ഇടപെടാനില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. ഹൈക്കോടതിയെ സമീപിക്കാൻ സുപ്രീംകോടതി സിസോദിയക്ക് നിർദേശം നൽകുകയായിരുന്നു. കഴിഞ്ഞ ഞായറാഴ്ചയാണ് സിസോദിയയെ സി.ബി.ഐ അറസ്റ്റ് ചെയ്തത്. ഇതിന് പിന്നാലെ ചൊവ്വാഴ്ച ഡൽഹി മന്ത്രിസഭയിൽ നിന്ന് രാജി വെക്കുകയും ചെയ്തിരുന്നു.

## ഡൽഹിയിൽ പടർന്ന് പിടിച്ച് ചുമയും പനിയും: എച്ച് 3 എൻ 2 വൈറസെന്ന് ഐ.സി.എം.ആർ

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് ഇപ്പോൾ പടരുന്ന ചുമയും പനിയും എച്ച് 3 എൻ 2 വൈറസ് മൂലമെന്ന് ഐ.സി.എം.ആർ. ചുമയും പനിയും ശ്വാസതടസവും ആണ് പ്രധാന ലക്ഷണങ്ങൾ. കുട്ടികളിലും മുതിർന്നവരിലും ആണ് രോഗം ബാധിക്കുന്നതെന്നും ആരോഗ്യ വിദഗ്ധർ അറിയിച്ചു. ദീർഘകാലം നീണ്ടുനിൽക്കുന്ന ചുമ മൂലം ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ എണ്ണവും കൂടി. ആശുപത്രിയിൽ ചികിത്സ തേടിയവരിൽ 16 ശതമാനം പേർക്ക് ന്യൂമോണിയ ബാധിച്ചതായും ഐ.സി.എം.ആർ വ്യക്തമാക്കി. ശ്വാസതടസം, നെഞ്ചിൽ ഭാരമുള്ള നിരന്തരമായ വരണ്ട ചുമ എന്നിവ ബാധിച്ചാണ് ഒട്ടുമിക്ക കേസുകളും ആശുപത്രികളിൽ എത്തുന്നത്. എന്നാൽ, ഇത് അസാധരണമല്ല എന്നാണ് ഡോക്ടർമാർ പറയുന്നത്. എല്ലാ വർഷവും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കാലാവസ്ഥാ വ്യതിയാനം കാരണം വൈറസ് കേസുകൾ വർധിക്കുന്നുണ്ട്. സീസണൽ ഇൻഫ്ലുവൻസ ബാധിച്ചാൽ സങ്കീർണതകൾ



ഉണ്ടാകാനുള്ള സാധ്യത കൂടുതലുള്ള വിഭാഗങ്ങൾ അഞ്ച് വയസിൽ താഴെയുള്ള കുട്ടികളും 65 വയസിന് മുകളിലുള്ളവരുമാണ്. ഗർഭിണികൾ, ചില ദീർഘകാല ആരോഗ്യപ്രശ്നങ്ങളുള്ളവർ എന്നിവരെയും ഗുരുതരമായി ബാധിച്ചേക്കാം. ജനങ്ങൾ തിരക്കേറിയ സ്ഥലങ്ങളിൽ ആവശ്യമിവല്ലാതെ പോകുന്നത് ഒഴിവാക്കണമെന്നും യാത്ര ചെയ്യുമ്പോൾ ശ്രദ്ധ പുലർത്തണമെന്നും വിദഗ്ധർ നിർദേശിച്ചു. രണ്ട് ദിവസത്തിൽ കൂടുതൽ രോഗലക്ഷണങ്ങൾ തുടർന്നാൽ എത്രയും വേഗം ചികിത്സ തേടണമെന്നും ഡോക്ടർമാർ പറഞ്ഞു.

രോഗം പടരാതിരിക്കാൻ വ്യക്തി ശുചിത്വം ഉറപ്പാക്കണം എന്ന് ആരോഗ്യ വിദഗ്ധർ മുന്നറിയിപ്പ് നൽകി. നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പനി കേസുകളിൽ 40 ശതമാനവും എച്ച് 3 എൻ 2 ബാധിച്ചിട്ടുള്ളതായി വ്യക്തമായിട്ടുണ്ടെന്ന് ഗുരുഗ്രാമിലെ ഫോർട്ടിസ് മെമ്മോറിയൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഇന്റേണൽ മെഡിസിൻ ഡയരക്ടർ ഡോ. അമിതാഭ് പാർടി പറഞ്ഞു. എച്ച് 3 എൻ 2 കാരണം നിരവധി ആളുകൾ പോസ്റ്റ്-വൈറൽ ബ്രോങ്കൈറ്റിസ് ബാധിച്ച് ആശുപത്രിയിൽ എത്തുന്നുണ്ട്.

## ലഹരിക്കെതിരേ ആസാദ് സേനയുമായി എൻ.എസ്.എസ്

### പ്രോഗ്രാം ഓഫിസർമാർക്കുള്ള ജില്ലാ ശിൽപശാല നടത്തി

കോഴിക്കോട്: ജില്ലയിലെ ഹയർസെക്കൻഡറി മുതൽ കോളേജ് തലം വരെയുള്ള എൻ.എസ്.എസ് പ്രോഗ്രാം ഓഫിസർമാർക്കുള്ള ആസാദ് സേനയുടെ ശിൽപശാല നടത്തി. സംസ്ഥാനത്തെ സ്കൂൾ, കോളേജ് തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർഥികളിലും പൊതുസമൂഹത്തിലും അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ സർവീസ് സ്കീം സംസ്ഥാന സെൽ കേരള സാമൂഹിക നീതി വകുപ്പുമായും ഉന്നത വിദ്യാഭ്യാസ വകുപ്പുമായും ചേർന്ന് രൂപീകരിക്കുന്ന കർമസേനയാണ് ആസാദ് സേന. വിദ്യാർഥികളുടെ തന്നെ സേനയുണ്ടാക്കി വിദ്യാർഥികളിൽലുള്ള ലഹരി ഉപയോഗം കുറയ്ക്കുക എന്നതാണ് ലക്ഷ്യം.വെള്ളിമാടുകുന്ന് ജെ.ഡി.ടി ഇസ്ലാം പോളിടെക്നിക് കോളേജിൽ വച്ച് നടന്ന പരിശീലന പരിപാടി എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്തു.



എൻ.എസ്.എസ് പ്രോഗ്രാം ഓഫിസർമാർക്കുള്ള ആസാദ് സേനയുടെ ശിൽപശാല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുന്ന എം.കെ രാഘവൻ എം.പി

ജെ.ഡി.ടി ഇസ്ലാം എജ്യുക്കേഷൻ ഇൻസ്റ്റിറ്റിയൂഷൻ ജോയിന്റ് സെക്രട്ടറി അബ്ദുൽ ഗഫൂർ അധ്യക്ഷത വഹിച്ചു. എൻ.എസ്.എസ് റീജിയണൽ ഡയരക്ടർ ഇ. ശ്രീധർ മുഖ്യാഥിതിയായി. സംസ്ഥാന എൻ.എസ്.എസ് ഓഫിസർ ഡോ. ആർ.എൻ അൻസർ മുഖ്യപ്രഭാഷണം നടത്തി.

സാമൂഹ്യനീതി വകുപ്പ് കോഴിക്കോട് ജില്ല ഇൻചാർജ് രംഗരാജ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇ.ടി.ഐ കോ-ഓർഡിനേറ്റർ ഡോ.സണ്ണി എൻ.എം, കാലിക്കറ്റ് യൂണിവേഴ്സിറ്റി എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സോണി ടി.എൽ, ഇസ്ലാം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ.ഹമീദ്, ജെ.ഡി.ടി പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ മാനുവൽ ജോർജ്, എൻ.എസ്.എസിന്റെ വിവിധ സെല്ലുകളിലെ ജില്ലാ കോ-ഓർഡിനേറ്റർമാരായ എസ്. ശ്രീജിത്ത്, എം.കെ ഫൈസൽ, ഡോ. സുരേഷ് വി.എസ്, ബിന്ദു.എ, ഫസീൽ അഹമ്മദ്, പി.പി ഭവിൻ, റീന എബ്രഹാം, ഷഫ്നാസ് എൻ.വി എന്നിവർ സംസാരിച്ചു. തുടർന്ന് എൻ.എസ്.എസ് ദേശീയ ട്രെയിനർ ബ്രഹ്മ നായകം മഹാദേവൻ പിള്ള മോഡറേറ്റർ ആയ പാനൽ ഡിസ്കഷനിൽ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ രാജേന്ദ്രൻ. വി , അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലിസ് ഉമേഷ്.എ, കോഴിക്കോട് ഇംഹാൻസ് ലക്ചർ ഡോ.ജി.രാകേഷ്, കെ.എം.സി.ടി ആയുർവേദ മെഡിക്കൽ കോളേജ് പ്രൊഫസർ ഡോ. സുബിൻ സുരേഷ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. ആസാദ് സേന ഹയർസെക്കൻഡറി വിഭാഗം ജില്ലാ കോ-ഓർഡിനേറ്റർ സി.എ അജാസ് സ്വാഗതവും എൻ.എസ്.എസ് ടെക്നിക്കൽ സെൽ ജില്ലാ കോ-ഓർഡിനേറ്റർ സാദിഖ് എ.എം നന്ദിയും പറഞ്ഞു.



കെ.യു.ഡബ്ല്യു.ജെ പ്രതിഷേധ സംഗമം സംസ്ഥാന കമ്മിറ്റി അംഗം ഇ.പി മുഹമ്മദ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

## എസ്.എഫ്.ഐ പ്രവർത്തകർ ഏഷ്യാനെറ്റ് ന്യൂസ് ഓഫിസ് അക്രമിച്ച സംഭവം; കെ.യു.ഡബ്ല്യു.ജെ പ്രതിഷേധ സംഗമം നടത്തി

കോഴിക്കോട്: ഏഷ്യാനെറ്റ് ന്യൂസിന്റെ കൊച്ചി റീജ്യനൽ ഓഫിസ് എസ്.എഫ്.ഐ പ്രവർത്തകർ അക്രമിച്ചതിനെതിരേ കേരള പത്രപ്രവർത്തക യൂണിയൻ (കെ.യു.ഡബ്ല്യു.ജെ) ജില്ലാ കമ്മിറ്റി പ്രതിഷേധസംഗമം നടത്തി. ചാനൽ ഓഫിസിൽ അതിക്രമിച്ച് കയറുകയും ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും ചെയ്തവർക്കെതിരേ കർശന നടപടി സ്വീകരിക്കണമെന്ന് സംഗമം ആവശ്യപ്പെട്ടു. കെ.യു.ഡബ്ല്യു.ജെ സംസ്ഥാന കമ്മിറ്റി അംഗം ഇ.പി മുഹമ്മദ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എം. ഫിറോസ്ഖാൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗം കെ.ടി ല്വതികേഷ്, ജില്ലാ സെക്രട്ടറി പി.എസ് രാകേഷ്, ട്രഷറർ പി.വി നജീബ്, ജോ. സെക്രട്ടറി ടി. മുംതാസ്, ഏഷ്യാനെറ്റ് ന്യൂസ് റീജ്യനൽ ചീഫ് പി. ഷാജഹാൻ, ദീപക് ധർമ്മടം, എം. ബാലകൃഷ്ണൻ സംസാരിച്ചു. ടി. ഷിനോദ് കുമാർ, എ.വി ഫർദീസ്, എ. ബിജുനാഥ്, അമർജിത്ത് കൽപറ്റ, രേഷ്മ സുരേന്ദ്രൻ, പി.വി അരവിന്ദ്, സി.ആർ രാജേഷ് നേതൃത്വം നൽകി.

## ജോ ബൈഡൻ സുഖമായിരിക്കുന്നു; കാൻസർ പൂർണമായും ഭേദപ്പെട്ടുവെന്ന് ഡോക്ടർ

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന് ബാധിച്ച സ്കിൻ കാൻസർ പൂർണമായും ഭേദപ്പെട്ടെന്ന് ബൈഡനെ ചികിത്സിക്കുന്ന ഡോക്ടർ കെവിൻ ഒ.കോർണർ. പതിവ് പരിശോധനയിൽ ബൈഡന് ത്വക്കിനെ ബാധിക്കുന്ന മാരക കാൻസറായ ബേസൽ സെൽ കാർസിനോമ കണ്ടെത്തിയെന്നും ഫെബ്രുവരിയിൽ ചികിത്സ പൂർത്തീകരിച്ചെന്നും ഡോ. കെവിൻ പറയുന്നു.

കാൻസർ ബാധിച്ച ത്വക്ക് നീക്കം ചെയ്തു. ഒരു പ്രസിഡന്റ് എന്ന നിലയിൽ പ്രവർത്തിക്കാൻ ജോ ബൈഡൻ ആരോഗ്യവാനും ഊർജ്ജസ്വലനുമാണെന്നും ഡോക്ടർ കൂട്ടിച്ചേർത്തു. അതേസമയം, കാൻസർ ശരീരത്തിലെ മറ്റ്



സ്ഥലങ്ങളിലേക്ക് വ്യാപിച്ചിട്ടില്ല. എന്നാൽ വലിപ്പം വർദ്ധിക്കാനുള്ള സാധ്യതയുണ്ട്. അതിനാലാണ് നീക്കം ചെയ്തതെന്ന് വൈറ്റ് ഹൗസിലെ ഔദ്യോഗിക പ്രസ്താവനയിൽ പറയുന്നു.

പതിവ് പരിശോധനകളല്ലാതെ ക്യാൻസർ സംബന്ധമായ മറ്റു ചികിത്സകൾ ആവശ്യമില്ലെന്നാണ് റിപ്പോർട്ട്. 2024–ൽ വീണ്ടും തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് ബൈഡൻ പ്രഖ്യാപിക്കുന്നതിന് മുമ്പ് ബൈഡന്റെ വൈദ്യപരിശോധന നടത്തിയിരുന്നു. 2015ൽ ബൈഡന്റെ മകൻ ബ്യൂയും ബ്രയിൻ കാൻസർ മൂലം മരണപ്പെട്ടിരുന്നു. ത്വക്കിനെ ബാധിക്കുന്ന മാരകമായ കാൻസർ കോശങ്ങളായ ബേസൽ സെൽ കാർസിനോമ അമേരിക്കയിൽ അഞ്ചുപേരിൽ ഒരാളിൽ കാണപ്പെടുന്നുവെന്നാണ് റിപ്പോർട്ട്. അപൂർവ്വമായി മാത്രമേ മാരകമായിട്ടുള്ളൂവെങ്കിലും, ബേസൽ സെൽ കാർസിനോമ ചികിത്സ അപര്യാപ്തമാവുകയോ വൈകുകയോ ചെയ്യുമ്പോൾ അപകടകരമാണ്.

## ഗ്യാസ് വിലവർധനവ്; അടുപ്പു കൂട്ടി പ്രതിഷേധിച്ച് ജനതാദൾ എസ്

കോഴിക്കോട്: പാചകവാതക സിലിണ്ടറിന്റെ ഉയർത്തിയ വില പിൻവലിക്കണമെന്നും ജനങ്ങളോടുള്ള വെല്ലുവിളി കേന്ദ്രം അവസാനിപ്പിക്കണമെന്നും ജനതാദൾ എസ് കോഴിക്കോട് ജില്ലാ പ്രസിഡന്റ് കെ.കെ അബ്ദുല്ല പറഞ്ഞു. പാചകവാതക സിലിണ്ടറിന്റെ വില യാതൊരു മാനദണ്ഡവും ഇല്ലാതെ വർധിപ്പിച്ച കേന്ദ്രസർക്കാർ നടപടിക്കെതിരേ ജനതാദൾ എസ് സംഘടിപ്പിച്ച അടുപ്പു കൂട്ടി പ്രതിഷേധം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇറക്കുമതി നിയന്ത്രണം എടുത്തു കളഞ്ഞതോടെ വിദേശ ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമാകുന്ന സാഹചര്യത്തിൽ രാജ്യത്തെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിലയില്ലാതാവുക



പാചകവാതക സിലിണ്ടറിന്റെ വില വർധിപ്പിച്ചതിനെതിരേയുള്ള ജനതാദൾ എസിന്റെ അടുപ്പു കൂട്ടി പ്രതിഷേധം

യും ചെയ്യുന്ന സാഹചര്യമാണുള്ളത്. രാജ്യത്തിന്റെ സമ്പദ്ഘടന തകർന്നടിയുന്ന സ്ഥിതി വിശേഷത്തിൽ ഗ്യാസ് വിലവർധനവ് ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെ നിഷേധിക്കുന്നതിന് തുല്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. പ്രതിഷേധ സായാഹ്നത്തിൽ അസീസ് മണലോടി, പി.ടി ആസാദ്, എൻ.കെ സജിത്ത്, റഷീദ് മുയിപ്പോത്ത്, പി.പി മുകുന്ദൻ , ടി.എൻ.കെ ശശീന്ദ്രൻ , വി.എം. ആഷിഖ് , അഡ്വ. ബെന്നി ജോസഫ് , ടി.എ അസീസ്, വിജൻ ചോലക്കര, സി.കെ സുധീർ , ബീരാൻ കുട്ടി, ലൈല എന്നിവർ സംസാരിച്ചു. കെ.പി അബൂബക്കർ , കെ.വി സെബാസ്റ്റ്യൻ, അഡ്വ. ജയകുമാർ , കരുണാകരൻ, സുരേഷ് മേലേപ്പുറത്ത്, രവീന്ദ്രൻ , ഹരിദേവ് എന്നിവർ നേതൃത്വം നൽകി.





1. സുനിൽ ഛേത്രിയുടെ വിവാദ ഗോൾ റഫറി അനുവദിച്ചതിനെ തുടർന്ന് കേരള ബ്ലാസ്റ്റേഴ്സ് താരങ്ങളെ തിരിച്ച് വിളിക്കുന്ന കോച്ച് ഇവാൻ വുകോമനോവിച്ച്. 2. ബ്ലാസ്റ്റേഴ്സ് താരങ്ങളും കോച്ചും മൈതാനം വിടുന്നു

# ആദ്യമധ്യാന്തം 'ഡ്രാമ'

## സുനിൽഛേത്രിയുടെ വിവാദ ഗോളിൽ ബംഗളൂരു എഫ്.സി സെമിഫൈനലിലേക്ക്. മത്സരം പൂർത്തിയാക്കാതെ മൈതാനം വിട്ട് കേരള താരങ്ങൾ

ബംഗളൂരു: ത്രില്ലർ, ആക്ഷൻ, ഡ്രാമ... കഴിഞ്ഞ ദിവസം ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിൽ നടന്ന ഐ.എസ്.എൽ നോക്കൗട്ട് മത്സരത്തെ ഇങ്ങനെ വിശേഷിപ്പിക്കാം. ആദ്യ രണ്ടു പകുതിയലേയും ത്രില്ലർ ആക്ഷൻ പോരാട്ടത്തിൽ നിന്ന് എക്സ്ട്രാ ടൈമിലേക്ക് മത്സരം നീണ്ടപ്പോൾ അതി നാടകീയതയിലാണ് ചെന്നവസാനിച്ചത്. തോറ്റാൽ സെമി കാണാതെ പുറത്തെന്ന അവസ്ഥയിൽ ബംഗളൂരു എഫ്. സിക്കും കേരള ബാസ്റ്റേഴ്സ് എഫ്.സിക്കും അതിനിർണായകമായ മത്സരത്തിന്റെ 96ാം മിനിട്ടിലെ സുനിൽ ഛേത്രിയുടെ ഗോളിനെ ചൊല്ലിയാണ് വിവാദം ഉടലെടുത്തത്. റഫറിയുടെ വിസിൽ മുഴങ്ങാതെ കിക്ക് സ്റ്റാർട്ടിലൂടെ ഫ്രീക്കിക്ക് എടുത്ത സുനിൽഛേത്രിയുടെ ഗോളിനെ ചോദ്യംചെയ്ത് കേരള ബ്ലാസ്റ്റേഴ്സ് താരങ്ങളും കോച്ച് ഇവാൻ വുകോമനോവിച്ചും റഫറിമാരോട് വാദപ്രതിവാദത്തിലേർപ്പെടുകയും മത്സരം പൂർത്തിയാക്കാൻ നിൽക്കാതെ മൈതാനം വിടുകയുമായിരുന്നു. തുടർന്ന് ബംഗളൂരു എഫ്.സിയെ വിജയിയായി പ്രഖ്യാപിക്കുകയും വർഷങ്ങൾക്കുശേഷം ബംഗളൂരു എഫ്. സി സെമിഫൈനലിലേക്ക് കടക്കുകയും ചെയ്തു.

ആദ്യപകുതിയിൽ ബംഗളൂരു എഫ്.സി മുന്നിട്ടു നിന്നപ്പോൾ രണ്ടാംപകുതിയിൽ കേരള ബ്ലാസ്റ്റേഴ്സ് ആക്രമണത്തിന്റെ മൂർച്ച കൂട്ടി. എന്നാൽ ബോക്സിലേക്കുള്ള ക്രോസുകളും ഫിനിഷിംഗുമെല്ലാം പഴിച്ചു. 90 മിനിട്ടും ഇരുടീമുകൾക്കും ഗോൾ കണ്ടെത്താൽ കഴിയാഞ്ഞതോടുകൂടി കളി എക്സ്ട്രാ ടൈമിലേക്ക് നീങ്ങുകയായിരുന്നു. 96ാം മിനിട്ടിൽ സുനിൽ ഛേത്രിയെ കേരള ബ്ലാസ്റ്റേഴ്സ് താരം ഫൗൾ ചെയ്തതിന് ബംഗളൂരുവിന് ഫ്രീകിക്ക് ലഭിക്കുകയും ബ്ലാസ്റ്റേഴ്സ് താരങ്ങൾ അണിനിരക്കും മുമ്പ് ഛേത്രി പന്ത് ചിപ് ചെയ്ത് വലയിലാക്കുകയുമായിരുന്നു. ഇത്തരത്തിൽ കിക്ക് സ്റ്റാർട്ട് ലോക ഫുട്ബോളിൽ അനുവദനീയമാണെങ്കിലും ഇവിടെ ഛേത്രിയുടെ സ്പോർട്സ്മാൻ സ്പിരിറ്റ് ചോദ്യം ചെയ്യപ്പെടുകയാണ്. ഏതു വിധേനയെ ജയിക്കാമെന്ന മനോഭാവണാണ് ഛേത്രിയുടേതെന്നാണ് ബ്ലാസ്റ്റേഴ്സ് ആരാധകർ പരാതിപ്പെടുന്നത്. അതേ സമയം താൻ ഫ്രീക്കിക്കെടുക്കുമ്പോൾ വിസിലടിക്കേണ്ടായെന്നും പ്രതിരോധ മതിലിന്റെ ആവശ്യമില്ലായെന്നും റഫറി ക്രസ്റ്റൽ ജോണിനോട് പറഞ്ഞതായും ഇത് ബ്ലാസ്റ്റേഴ്സ് താരം ലൂണ കേട്ടിട്ടുമുണ്ടെന്നുമാണ് സുനിൽ ഛേത്രി പറയുന്നത്. മത്സരം തീരും മുൻപേ ബ്ലാസ്റ്റേഴ്സ് താരങ്ങൾ മൈതാനം വിട്ടത് ശരിയായ നടപടിയല്ലായെന്നും ഛേത്രി പറഞ്ഞു.



ബി.ഇ.എം.പി സ്കൂൾ പ്ലസ് വൺ വിദ്യാർഥി ഷാമിൽ ലത്തീഫിനെ സഹപാഠികൾ ചേർന്ന് മർദിക്കുന്നതിന്റെ ദൃശ്യം

## തലശ്ശേരിയിൽ വിദ്യാർഥിക്ക് സഹപാഠികളുടെ ക്രൂരമർദനം

തലശ്ശേരി: വീട്ടിൽ നിന്ന് വിളിച്ചിറക്കി കൊണ്ടുവന്ന് വിദ്യാർഥിയെ സഹപാഠികൾ കൂട്ടത്തോടെ മർദിച്ചതായി പരാതി. ബി.ഇ.എം.പി സ്കൂൾ പ്ലസ് വൺ വിദ്യാർഥി ഷാമിൽ ലത്തീഫിനെ ഒരു സംഘം വിദ്യാർഥികൾ വീട്ടിൽ നിന്ന് വിളിച്ചിറക്കി സംഘം ചേർന്ന് ക്രൂരമായി മർദിക്കുകയായിരുന്നു. ചിറക്കരയിലെ പണിപൂർത്തിയാവാത്ത വീട്ടിൽ വച്ച് ബിയർ ബോട്ടിൽ, വടി, ഹെൽമറ്റ് എന്നിവ ഉപയോഗിച്ചാണ് മർദനം. കൈയ്യെല്ലിന് ക്ഷതമേറ്റ് അവശ നിലയിലായ ഷാമിലിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ക്ലാസ് ടീച്ചറോട് എന്തിനാണ് ഞങ്ങളെക്കുറിച്ച് പറഞ്ഞതെന്ന് ആക്രോശിച്ചാണ് മർദനം നടത്തിയത്. സെലിൻ, ഹനാൻ, സിനാൻ, അഫ്സൽ, സിനാസ്, മുഹമ്മദ്, ഇർഫാൻ എന്നിവരടങ്ങിയ സംഘമാണ് മർദച്ചത്. കുറ്റക്കാർക്കെതിരേ നിയമനടപടികൾ എടുക്കണമെന്ന് രക്ഷിതാക്കൾ തലശ്ശേരി പോലിസിൽ പരാതിപ്പെട്ടിട്ടുണ്ട്. അടുത്തിടെ ഇതേ വിദ്യാലയത്തിലെ ചില വിദ്യാർഥികൾ പുറത്തുള്ളവരേയും മർദിച്ചതായി പരാതിയുണ്ട്.

## ജഗന്നാഥ ക്ഷേത്രോത്സവത്തിന് കൊടിയേറ്റ്

തലശ്ശേരി: ഉത്തര കേരളത്തിൽ ശ്രീനാരായണ ഗുരുസ്വാമികൾ പ്രതിഷ്ഠിച്ച ആദ്യത്തെ ക്ഷേത്രമായ ശ്രീ ജഗന്നാഥ ക്ഷേത്രത്തിലെ ഉത്സവ കൊടിയേറ്റത്തിന് സാക്ഷ്യം വഹിക്കാൻ ആയിരങ്ങളെത്തി. ഇന്നലെ രാത്രി 9.55ന് ജഗന്നാഥ ക്ഷേത്ര സന്നിധിയിൽ പരവൂർ ബ്രഹ്മശ്രീ രാകേഷ് തന്ത്രികളാണ് കൊടിയേറ്റിന് കാർമികത്വം വഹിച്ചത്. ഉദ്ദിഷ്ട കാര്യസിദ്ധിക്കും ഉപകാരസ്മരണയ്ക്കുമായാണ് വിശ്വാസ സമൂഹം കൊടിയേറ്റ വേളയിൽ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി ഇവിടെയെത്തുന്നത്.

ശ്രീജ്ഞാനോദയ യോഗം പ്രസിഡന്റ് അഡ്വ. കെ.സത്യൻ, ഡയരക്ടർമാരായ അഡ്വ.കെ.അജിത് കുമാർ, കണ്ട്യൻ ഗോപി ,രാജീവൻ മാടപ്പീടിക, സി.ഗോപാലൻ, കെ.കെ പ്രേമൻ, വി.കെ കുരൻ രാഘവൻ പൊന്നമ്പത്ത്, ഇ.ചന്ദ്രൻ മാസ്റ്റർ, രവീന്ദ്രൻ മുരിക്കോളി, ടി.പി ഷിജു എന്നിവർ നേതൃത്വം നൽകി. മഹോത്സവം വൻ വിജയമാക്കാൻ ക്ഷേത്രവുമായി ബന്ധപ്പെട്ട ഇരുന്നൂറോളം ശ്രീ നാരായണമഠങ്ങളും സജീവമായി രംഗത്തുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് വൈവിധ്യമാർന്ന ചന്തകളും അമ്യൂസ്മെന്റ് പാർക്കുകളും, പലതരം റൈഡുകളും, മരണക്കിണറുമെല്ലാം ഉത്സവ പറമ്പിന്റെ ആകർഷണമാണ്.ഇന്നലെ രാത്രിഅത്താഴപൂജക്ക് ശേഷം വമ്പിച്ച കരിമരുന്ന് പ്രയോഗവുമുണ്ടായി.11.15ന് എഴുന്നള്ളത്ത് നടന്നു. അഞ്ച് ഗജവീരന്മാരുടെ അകമ്പടിയോടെയാണ് എഴുന്നള്ളത്ത് നടന്നത്. ഇന്ന് വൈകീട്ട് ഏഴ് മണിക്ക് ശിവഗിരി മഠത്തിലെ ഗുരുപ്രസാദ് സ്വാമികളുടെ അധ്യക്ഷതയിൽ 'ശ്രീനാരായണ ഗുരു ഉയർത്തിയ മാനവികത' എന്ന വിഷയത്തിൽ നടക്കുന്ന സാംസ്ക്കാരിക സമ്മേളനം സ്പീക്കർ അഡ്വ. എ.എൻ ഷംസീർ ഉദ്ഘാടനം ചെയ്യും. ഡോ. എം.പി അബ്ദുസമദ് സമദാനി എം.പി മുഖ്യഭാഷണം നടത്തും. 9.30ന് മെഗാഷോ ബംബർ ആഘോഷരാവ് അരങ്ങേറും.



ജഗന്നാഥ ക്ഷേത്രോത്സവ കൊടിയേറ്റ് കർമം പരവൂർ ബ്രഹ്മശ്രീ രാകേഷ് തന്ത്രികൾ നിർവഹിച്ചപ്പോൾ

## നന്മയുള്ള സമൂഹ സൃഷ്ടിക്ക് എഴുത്തുകാർ മുന്നോട്ടുവരണം: എം. പി ഷൈജൽ



ലോക കേരള സഭാംഗം കബീർ സലാലയെ സബ് ജഡ്ജിയും ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയുമായ എം. പി ഷൈജൽ പുരസ്കാരം നൽകി ആദരിച്ചപ്പോൾ

കോഴിക്കോട്: നന്മയും കരുണയുമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ എഴുത്തുകാർ മുന്നോട്ട് വരണമെന്ന് സബ് ജഡ്ജിയും ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയുമായ എം. പി ഷൈജൽ പറഞ്ഞു.

കാമരാജ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ ഇന്റർനാഷണൽ മലയാളി സമാജത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച കവിയരങ്ങും സാഹിത്യ ശിൽപശാലയും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എഴുത്തും സാംസ്കാരിക പ്രവർത്തനവും പ്രോത്സാഹിപ്പിക്കപ്പെടുന്ന സമൂഹത്തിന് മാത്രമേ മനുഷ്യത്വമുള്ള ജനതയായി മാറാൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിവിധ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ച ലോക കേരള സഭാംഗം കബീർ സലാല, സാമൂഹ്യ പ്രവർത്തകൻ അജികുമാർ നാരായണൻ, എഴുത്തുകാരായ ശോഭ വത്സൻ, സന്ധ്യ മുരളി, യു.ടി പ്രകാശൻ എന്നിവരെ പുരസ്കാരം നൽകി ആദരിച്ചു. ചടങ്ങിൽ കാമരാജ് ഫൗണ്ടേഷൻ സംസ്ഥാന പ്രസിഡന്റ് പി.കെ കബീർ സലാല അധ്യക്ഷത വഹിച്ചു. പി. അനിൽ, ഡോ. കെ. മൊയ്തു, ഹാരിസ് ബാഫക്കി തങ്ങൾ. പി. എം. മുസമ്മിൽ. കെ. എം. സെബാസ്റ്റ്യൻ. എ. കെ. സുബൈദ. വി. എം. ആഷിക്ക്. മൊയ്തീൻ പൂന്താനം, ഷംസുദീൻ മുണ്ടോളി എന്നിവർ സംസാരിച്ചു.

## മൈലാഞ്ചി മത്സരം എട്ടിന്




കോഴിക്കോട്: ഇൻഡോ-അറബ് കോൺഫെഡറേഷൻ കൗൺസിലിന്റേയും എ.ആർ.എം.സി ഐ.വി.എഫിന്റേയും സംയുക്താഭിമുഖ്യത്തിൽ ലോക വനിതാ ദിനത്തോടനുബന്ധിച്ച് മാർച്ച് എട്ടിന് മൈലാഞ്ചി മത്സരം നടക്കും.

രാവിലെ 10 മണിക്ക് സ്പോർട്സ് കൗൺസിൽ ഹാളിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 9947480709 എന്ന വാട്ട്സാപ്പ് നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

മത്സരത്തിൽ വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് 5000/, 3000/, 2000/ രൂപ വീതം കാഷ് പ്രൈസും സർട്ടിഫിക്കറ്റും സമ്മാനിക്കും. പരിപാടിയിൽ സാമൂഹിക-സാംസ്കാരിക മേഖലയിലെ പ്രമുഖർ സംബന്ധിക്കും.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, 2nd Floor, Noor Complex, West Nadakkav, Kozhikode - 11, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.